# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ റ്റി വി, ഐ.എ.എസ്.)

**ഉത്തരവ് നം E5/6001/2020/WCD** തിരുവനന്തപുരം, തീയതി : 20/04/2020

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - കോവിഡ് 19 - ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സ.ഉ. (സാധാ) നം. 78/2020/പൊ.ഭ.വ, തീയതി : 17/04/2020

2) വനിതാ ശിശുവികസന ഡയറക്ടറുടെ 25/03/2020 ലെ E5/6001/2020/WCD നമ്പർ ഉത്തരവ്

കോവിഡ് 19 സമൂഹവ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി രാജ്യമാകെ 25/03/2020 മുതൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം അവശ്യസർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ, സംസ്ഥാനത്തെ 14 ജില്ലകളെ ചുവടെ പറയും പ്രകാരം 4 കാറ്റഗറിയായി തിരിച്ച് പ്രസ്തുത ലോക്ക് ഡൗണിൽ ഇളവ് നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| കാറ്റഗറി | ജില്ലകൾ | അഭിപ്രായം |
|---|---|---|
| Red | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം | - |
| Orange A | പത്തനംതിട്ട, എറണാകുളം, കൊല്ലം | - |
| Orange B | ആലപ്പുഴ, തിരുവനന്തപുരം, പാലക്കാട്, വയനാട്, തൃശ്ശൂർ | - |
| Green | കോട്ടയം, ഇടുക്കി | - |

ഈ സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിലെ ആഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. Red കാറ്റഗറിയിൽ ഉൾപ്പെടുന്ന ജില്ലകളിലെ ഓഫീസുകൾ 03/05/2020 വരെയും Orange A കാറ്റഗറിയിൽ ഉൾപ്പെടുന്ന ജില്ലകളിലെ ഓഫീസുകൾ 23/04/2020 വരെയും പരാമർശം 2 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തന്നെ പ്രവർത്തിക്കേണ്ടതാണ്.

2. Orange A കാറ്റഗറിയിൽ ഉൾപ്പെടുന്ന ജില്ലകളിലെ ഓഫീസുകൾ 24/04/2020 മുതലും Orange B കാറ്റഗറിയിൽ ഉൾപ്പെടുന്ന ഓഫീസുകൾ 20/04/2020 മുതലും ചുവടെ ക്രമ നമ്പർ 4 മുതൽ 10 വരെ പറയുന്ന മാർഗ്ഗ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

3. Green കാറ്റഗറിയിൽ ഉൾപ്പെടുന്ന ജില്ലകളിലെ ഓഫീസുകൾ 20/04/2020 മുതൽ സാധാരണ രീതിയിൽ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

4. Orange A, Orange B കാറ്റഗറിയിൽ ഉൾപ്പെടുന്ന ജില്ലകളിലെ ജില്ലാ വനിതാ ശിശുവികസന ഓഫീസുകൾ, ജില്ലാ ശിശു സംരക്ഷണ ഓഫീസുകൾ, പ്രോഗ്രാം ഓഫീസുകൾ, ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ, വനിതാ പ്രൊട്ടക്ഷൻ ഓഫീസുകൾ എന്നിവിടങ്ങളിലെ എല്ലാ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരും (ക്ലാസ്സ് II) എല്ലാ പ്രവർത്തി ദിവസവും ഹാജരാകേണ്ടതാണ്. എന്നാൽ നോൺ-ഗസറ്റഡ് തസ്തികയിലെ ജീവനക്കാരിൽ (ക്ലാസ്സ് III & IV) 33% ജീവനക്കാർ ഓരോ ദിവസവും ഹാജരായാൽ മതിയാകും. ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് നൽകേണ്ടതാണ്.

5. എല്ലാ ഓഫീസുകളും തിങ്കൾ മുതൽ വെള്ളി വരെയുള്ള 5 ദിവസം പ്രവർത്തിച്ചാൽ മതിയാകും.

6. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ ഹോമുകൾ, മഹിളാ മന്ദിരങ്ങൾ, നിർഭയ ഹോമുകൾ എന്നിവിടങ്ങളിലെ താമസക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം അതാത് സ്ഥാപന മേധാവികൾ ജീവനക്കാരുടെ ഹാജർ ക്രമീകരിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്. കഴിവതും ജീവനക്കാർ എന്നും മാറി വരുന്നതിന് പകരം കൂടുതൽ ദിവസത്തെ ഡ്യൂട്ടി ഒരുമിച്ച് ചെയ്യുന്ന വിധത്തിൽ ക്രമീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ഡ്യൂട്ടി ക്രമീകരിക്കുമ്പോൾ നിർബ്ബന്ധമായും ഒരു സ്ഥിരം ജീവനക്കാരൻ എല്ലാ ദിവസവും ഡ്യൂട്ടിയിൽ ഉണ്ടാകത്തക്ക വിധത്തിലായിരിക്കണം ഡ്യൂട്ടി ക്രമീകരിക്കേണ്ടത്.

7. സംസ്ഥാനത്തെ അങ്കണവാടി കേന്ദ്രങ്ങൾ തുറന്ന പ്രവർത്തിക്കേണ്ടതില്ല. എന്നാൽ അങ്കണവാടി മുഖേന ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് മുടക്കം ഉണ്ടകാതിരിക്കാൻ ആവശ്യമായ ക്രമീകരണം അതാത് ശിശുവികസന പദ്ധതി ഓഫീസർമാർ നടത്തേണ്ടതാണ്.

8. വകുപ്പിന് കീഴിലെ സ്കൂൾ കൗൺസിൽമാരിൽ (ആര്യോഗ്യ വകുപ്പിന് കീഴിൽ ഡ്യൂട്ടി ചെയ്യുന്നവർ ഒഴികെ) 33% ഓരോ ദിവസവും ഹാജരായാൽ മതിയാകും. ശിശുവികസന പദ്ധതി ഓഫീസർമാർ ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് നൽകേണ്ടതാണ്.

9. ജില്ലാ ശിശുസംരക്ഷണ ഓഫീസിലെ കരാർ/ ദിവസവേതന ജീവനക്കാരിൽ 33% ഓരോ ദിവസവും ഹാജരായാൽ മതിയാകും. അതാത് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് നൽകേണ്ടതാണ്.

10. സംസ്ഥാന ആരോഗ്യ വകുപ്പ് ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിലെ ആഫീസുകൾക്ക് നിലവിലെ ഇളവുകൾ ബാധകമല്ല. പ്രസ്തുത സ്ഥലങ്ങളിൽ നിലവിലെ സ്ഥിതി തുടരേണ്ടതണ്.

സർക്കാരിന്റെ ഏത് അടിയന്തിരാവശ്യത്തിലും പ്രവർത്തിക്കാൻ എല്ലാ ജീവനക്കാരും തയ്യാറാകണം. ജില്ലാ ഭരണകൂടം മുഖേന കൊറോണ പ്രതിരോധ പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഈ ക്രമീകരണം ബാധകമായിരിക്കില്ല.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും/ സൂപ്രണ്ട്മാർക്കും

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ (കേരള), തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട്, ഐ.റ്റി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്